# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1932 14.8.2017-ൽ മറുപടിയ്ക്ക്

## പടന്നക്കാട് ആയുർവേദ ആശുപത്രി

| ചോദ്യം<br>ശ്രീ.എം.രാജഗോപാലൻ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|
| കാസർഗോഡ് ജില്ലയിലെ പടന്നക്കാട് പ്രവർത്തിക്കുന്ന ജില്ലാ ആയുർവേദ ആശുപത്രി അപ്ഗ്രേഡ് ചെയ്ത് 100 ബെഡ്ഡുള്ള സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടികൾസ്വീകരിക്കുമോ; ഈ സ്ഥാപനം അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; വ്യക്തമാക്കാമോ; | | പടന്നക്കാട് ജില്ലാ ആയുർവേദ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തുന്നതിന് നിലവിൽ കെട്ടിട സൗകര്യം ഇല്ല. ഇപ്പോൾ ഒ.പി.യായി പ്രവർത്തിക്കുന്ന കെട്ടിടത്തിലാണ് രോഗികളെ കിടത്തി വരുന്നത്. 50 ബെഡ്ഡ് ആശുപത്രിയുടെ പഴയ കെട്ടിടം പൊളിച്ചിട്ടിരിക്കുകയാണ്. കെട്ടിടം പുതുക്കി പണിയുന്നതിന് നിലവിൽ 4 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിന്റെ പണി ആരംഭ ഘട്ടത്തിലാണ്. ഭൗതിക സാഹചര്യങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി ആശുപത്രി 100 ബെഡ്ഡുള്ള സ്ഥാപനമാക്കി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ